

അനുപമയുടെ

# സി. ഐ. ഡി. നസീർ

(പാട്ടുപുസ്തകം)

സംവിധാനം
വേണു

ഗാനം 1 — പാടിയത്: ജയചന്ദ്രൻ

നിൻ മണിയറയിലെ നിർമ്മല ശയ്യയിലെ
നീല നീരാളമായ് ഞാൻ മാറിയെങ്കിൽ!
ചന്ദന മണമൂറും നിൻദേഹമലർവല്ലി
എന്നുമെൻ വിരിമാറിൽ പടരുമല്ലോ?
(നിൻമണി)

പുണ്യവതി നിൻെറ പൂങ്കാവനത്തിലൊരു
പുഷ്പ ശലഭമായ് ഞാൻ പറന്നുവെങ്കിൽ!
ശൃംഗാര മധുവൂറും നിൻ രാഗപാന പാത്രം
എന്നുമെന്നധരത്തോടടുക്കുമല്ലോ...!
(നിൻമണി)

ഇന്ദുവദനേ നിൻെറ നീരാട്ടുകടവിലെ
ഇന്ദീവരങ്ങളായ് ഞാൻ വിടർന്നുവെങ്കിൽ
ഇന്ദ്രനീലാഭതൂകും നിൻ മലർമിഴിയുമായ്
സുന്ദരീയങ്ങനെ ഞാനിണങ്ങുമല്ലോ!
(നിൻമണി)

ഗാനം 2 — പാടിയത്: യേശുദാസ്

ചന്ദ്രലേഖക്കിന്നരി തുന്നിയ നിൻ പുഞ്ചിരി
ചങ്ങമ്പുഴ കവിതപോലെ
രംഭതോൽക്കും നിൻരൂപം രവിവർമ്മയെഴുതിയ
ശകുന്തളാ ചിത്രംപോലെ!

(ചന്ദ്രലേഖ....)

ശൃംഗാര ചന്ദനക്കുളിർ താവും നിൻദേഹം
ശ്രീകോവിൽ ശില്പംപോലെ
ആരോമലേ നിന്റെയനുരാഗത്തേന്മൊഴികൾ
ആനന്ദ ഭൈരവിപോലെ!

ചന്ദ്രലേഖ

തളിരാന്ന പാദങ്ങൾ താളത്തിൽ നീങ്ങുമ്പോൾ
അരയന്ന നടനം കാണാം
തെളിവന്ന കണ്ണുകൾ ദാഹത്താൽ വിടരുമ്പോൾ
ആകാശ ഹൃദയം കാണാം

(ചന്ദ്രലേഖ ..)

ഗാനം 3 പാടിയത് ജയചന്ദ്രൻ, സുധാവർമ്മ

M. സങ്കല്പത്തിൻ തങ്ക രഥത്തിൽ
തമ്പുരാട്ടിയെഴുന്നള്ളി
സംഗീതത്തിൻ നൂപുര നൗകയിൽ
സർവ്വാംഗ സുന്ദരിയെഴുന്നള്ളി....

(സങ്കല്പത്തിൻ ...)

F. അനുഭൂതിത്തിരമാലകൾ തഴുകി
അശാതീരം കുളിർ തൂകി
ആത്മാവിൻ നവനീത സുമങ്ങൾ
അനുരാഗത്തിൻ മണമേകി . !

M. അംശുമതിയാകെ നിൻമിഴിയരസിൽ
അലരിതളം പോൽ ഞാനടരുന്നു
ആർദ്രമനോഹരം നിൻമധുരാധരം
ആലിലപോലെ വിറയ്ക്കുന്നു!

F. ഇന്ദളരാഗം പാടും തെന്നലിൽ
മന്ദം മലരുകൾ മലർന്നു
നിൻ പുളകോജ്ജ്വല ഗാനനിലാവിൽ
മന്ദാരവ,ലതയായി ഞാൻ ഒരു
മന്ദാരവ, ലതയായി ഞാൻ.

ഗാനം 4 പാടിയത് S. ജാനകി

പ്രണയ സരോവരമേ – !
അലതല്ലിയുയരും നിന്നാനന്ദ തീർത്ഥത്തിൽ
അലിയുവാൻ മോഹിക്കും ഗംഗാനദി
അലയുന്നു ഞാൻ മന്ദാകിനി!

(പ്രണയസരോവരമേ....)

മുത്തണി ഗോപുര പർവ്വത ഗേഹത്തിൽ
എത്രകാലം ഞാൻ തപസ്സിരുന്നു
ശാപമോക്ഷത്താലുണർന്നു–
ആലിംഗനത്തിനലഞ്ഞു. ഞാൻനിൻ
ആലിംഗനത്തിനലഞ്ഞു!

തുടരുകയായ് യാത്ര തുടരുകയായ്!

നൃത്തവിലോലനാം നിൻമണി ഗോപുര–

മെത്തിപ്പിടിക്കുന്നതെങ്ങിനെ ഞാൻ?
എൻ വിളിയെ നീ കേൾക്കുമോ
എൻ സ്വപ്നം നിന്നിൽ തുടിക്കും — എന്നു നീ
എൻ സ്വപ്നം നിന്നിൽ തുടിക്കും?

ഇടയ്ക്കയാണ്   യന്ത്ര ഇടയ്ക്കയായ്

(പ്രണയ സരോവരമേ ...)

ഗാനം 5   പാടിയത്: ബ്രഹ്മാനന്ദൻ

നീലനിശീഥിനി നിൻമണിമേടയിൽ
നിദ്രാവിഹീനയായ് നിന്നു
നിൻമലർ വാടിയിൽ നിത്യവസന്തം
തീർത്തവളേ, ഞാൻ കാത്തുനിന്നു!

(നീല ..)

ജാലക വാതിലിൻ വെള്ളിക്കൊളുത്തുകൾ
താളത്തിൽ കാറ്റിൽ കിലുങ്ങി
വാതിൽ തുറക്കുമെന്നോർത്തു വിടർന്നിതെൻ
വാസന്ത സ്വപ്നദലങ്ങൾ!

(നീല ...)

തേനൂറും ചന്ദ്രിക തേടുന്ന പൂവിന്റെ
വേദന കാണാതെ മാഞ്ഞു.
തുടിത്തളരും മിഴികളുമായി ഞാൻ

ദേവിയെ കാണുവാൻ നീന്തി (നീല ...

ഗാനം 6 പാടിയത് പി. ലീല, ചന്ദ്രമോഹൻ

F തെന്മലപ്പോയ് വരുമ്പം മലക്കുറവാ കുറവാ
തേവിക്കെന്തു കൊണ്ടുവരും മലക്കുറവാ_കുറവാ!
M ചെറുതേൻ കൊണ്ടുവരാം മലകുറത്തീ കുറത്തീ
ചെമ്പകപ്പൂ കൊണ്ടുവരാം മലകുറത്തീ_കുറത്തീ
F വെളിമല കൊണ്ടുവന്നാൽ എൻകുറവാ കുറവാ
വേളിക്കെന്തു കൊണ്ടുവരും എൻ കുറവാ കുറവാ
M താഴംപൂ കൊണ്ടുവരാം പൊൻകുറത്തീ_കുറത്തീ
തഴപ്പാ കൊണ്ടുവരാം പൊൻകുറത്തീ_കുറത്തീ
F തെന്മല ...................................
........................................
M കൈലക്ഷണം നോക്കും നിന്റെ
കല്ല്യാണനാടകഴിഞ്ഞാൽ
കണവന്നെയൊക്കുമോ
F കഞ്ചാവ്വു കൊണ്ടുവരാമെൻ കരളേ_കരളേ
കരിമീൻ കൊണ്ടുവരാമെൻ കരളേ_കരളേ
M മട്ടൊത്ത മാൻകഴുത്തും,
മാണിക്യ മാറുംകണ്ടാൽ
മാളോരു കൂട്ടമല്ലോ മലക്കുറത്തീ_കുറത്തീ
F പന്തൊക്കും മാറഴകും
ചെന്തൊണ്ടി വായ്മലരും
കണവന്റ സ്വന്തമല്ലേ മലക്കുറവാ _ കുറവാ
(തെന്മല... )